MATHRUBHUMI

1 May 2016

## സിമൻറ് ചാക്കുകളിൽ അരി

# മലബാർ സിമൻറ്സ് പരാതി നൽകി

**പാലക്കാട്:** മലബാർ സിമൻറ്സിന്റെ ചാക്കുകളിൽ അരിയും മറ്റ് ധാന്യങ്ങളും കണ്ടതിനെക്കുറിച്ച് കമ്പനി അധികൃതർ വാളയാർ പോലീസിൽ പരാതി നൽകി.

കമ്പനിയിൽനിന്ന് ട്രക്കുകളും വാഗണുകളും വഴി കയറ്റിവിടുന്ന ചാക്കുകളിലാണ് സിമൻറിനോടൊപ്പം അരി, പയർ, പരിപ്പ് തുടങ്ങിയവ കാണപ്പെട്ടത്.

കമ്പനിയുടെ വിശ്വാസ്യത തകർക്കാൻ ചിലർ നിരന്തരം ശ്രമിക്കുന്നെന്നും പരാതിയിൽ പറയുന്നു. ഡീലർമാരാണ് സിമൻറിൽ ധാന്യങ്ങൾ കലർന്നത് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

കമ്പനിക്കുള്ളിൽ സ്ഥാപിച്ച ക്യാമറകൾ സൈബർ പരിശോധനയ്ക്ക് നൽകിയിട്ടുണ്ടെന്നും മാനേജിങ് ഡയറക്ടർ കെ. പത്മകുമാർ അറിയിച്ചു.